# ശബരിമല വാർത്താക്കുറിപ്പ്
# 11.01.2025

**മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം**

## സ്വർണ അമ്പും വില്ലും വെള്ളി ആനകളും അയ്യപ്പന് കാണിക്കയേകി തെലങ്കാന സംഘം

അയ്യപ്പന് സ്വർണത്തിൽ നിർമിച്ച അമ്പും വില്ലും വെള്ളി ആനകളും കാണിക്കയായി സമർപ്പിച്ച് തെലങ്കാന സംഘം. തെലങ്കാന സെക്കന്തരാബാദ് സ്വദേശി കാറ്ററിംഗ് ബിസിനസുകാരനായ അക്കാറാം രമേശാണ് 120 ഗ്രാം സ്വർണ അമ്പും വില്ലും, 400 ഗ്രാം വരുന്ന വെള്ളി ആനകളും സന്നിധാനത്തെത്തി കാണിക്ക നൽകിയത്.
തന്റെ മകനായ അഖിൽ രാജിന് എം.ബി.ബി.എസിന് ഗാന്ധി മെഡിക്കൽ കോളേജിൽ പ്രവേശനം ലഭിച്ചതിനെതുടർന്ന് താനും ഭാര്യ അക്കാറാം വാണിയും മകനുവേണ്ടി നേർന്ന കാണിക്കയാണിതെന്ന് അക്കാറാം രമേശ് പറഞ്ഞു. ഇപ്പോൾ രണ്ടാംവർഷ വിദ്യാർഥിയാണ് മകൻ.
ഒമ്പതംഗ സംഘമായി പ്രഭുഗുപ്ത ഗുരുസ്വാമിയുടെ നേതൃത്വത്തിലാണ് ഇരുമുടിയുമേന്തി രമേശും കൂട്ടരും മല ചവിട്ടി കാണിക്കയർപ്പിച്ചത്.മേൽശാന്തി എസ്. അരുൺകുമാർ നമ്പൂതിരിയാണ് ശ്രീകോവിലിന് മുന്നിൽവെച്ച് കാണിക്ക ഏറ്റുവാങ്ങിയത്.

## മാളികപ്പുറത്ത് വസ്ത്രം എറിയരുത്, തീർഥാടനം സുഗമമാക്കാൻ സഹകരിക്കണം- മാളികപ്പുറം മേൽശാന്തി

മാളികപ്പുറം ശ്രീകോവിലിനുമുകളിലേക്ക് വസ്ത്രം എറിയുന്നതുപോലുള്ള ദുരാചാരങ്ങൾ ചെയ്യരുതെന്ന് മാളികപ്പുറം മേൽശാന്തി വാസുദേവൻ നമ്പൂതിരി പറഞ്ഞു. ദേവസ്വം ബോർഡിന്റെയും തന്ത്രിയുടെയും നിർദേശങ്ങൾ പാലിച്ച് ആചാരാനുഷ്ഠാനങ്ങൾ കൃത്യമായി പാലിച്ച് സുഗമമായ തീർഥയാത്രയാക്കി മാറ്റാൻ ഭക്തർ ശ്രദ്ധിക്കണം.

മകരവിളക്കിനായി നട തുറന്നിരിക്കുന്ന ഈ അവസരത്തിൽ ഭക്തജനത്തിരക്ക് വർധിക്കുകയാണ്. തൊഴാൻ വരുന്ന മറ്റ് ഭക്തർക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത രീതിയിൽ സഹകരിക്കണം. നിർദേശങ്ങൾ പാലിച്ച് എല്ലാവർക്കും മകരവിളക്ക് ദർശനം സുഗമമാക്കാൻ പ്രയത്നിക്കണമെന്നും അദ്ദേഹം അഭ്യർഥിച്ചു

## വിശ്വശാന്തിക്കായി 8000 കിലോമീറ്റർ കാൽനടയാത്രചെയ്ത് സന്നിധാനത്ത്

വിശ്വശാന്തിക്കായുള്ള പ്രാർഥനയുമായി വടക്കേ ഇന്ത്യനിന്ന് എണ്ണായിരത്തോളം കിലോമീറ്റർ കാൽനടയാത്രചെയ്ത് ശബരിമല സന്നിധാനത്ത് എത്തി രണ്ട് ഭക്തർ. കാസർകോട് കുഡ്‌ലു രാംദാസ് നഗർ സ്വദേശികളായ സനത്കുമാർ നായക്, സമ്പത്ത്കുമാർ ഷെട്ടി എന്നിവരാണ് 223 ദിവസം കാൽനടയായി യാത്രചെയ്ത് അയ്യപ്പസന്നിധിയണഞ്ഞത്. ബദ്‌രിനാഥിൽനിന്ന് തുടങ്ങി വിവിധ തീർഥാടനകേന്ദ്രങ്ങളിലും ക്ഷേത്രങ്ങളിലും സന്ദർശിച്ചാണ് ഇവർ ഇരുമുടിക്കെട്ടുമേന്തി സന്നിധാനത്ത് എത്തിയത്. ശങ്കരാചാര്യർ സ്ഥാപിച്ച നാലു മഠങ്ങൾ സന്ദർശിച്ച് മറ്റ് തീർഥാടനകേന്ദ്രങ്ങളും യാത്രയിൽ ഇവർ സന്ദർശിച്ചു. മേയ് 26ന് ട്രെയിൻ മാർഗം കാസർകോട് നിന്ന് തിരിച്ച ഇവർ ബദരിനാഥിൽ എത്തുകയും, ജൂൺ 2 ന് കെട്ട്നിറച്ച് മൂന്നിന് അവിടെനിന്ന് കാൽനടയായി തിരിച്ചു. അയോധ്യ, ഉജ്ജയിനി, ദ്വാരക, പുരി ജഗന്നാഥ്, രാമേശ്വരം, അച്ചൻകോവിൽ, എരുമേലി വഴിയാണ് സന്നിധാനത്ത് എത്തിച്ചേർന്നത്. വിവിധ സ്ഥലങ്ങളിൽ ക്ഷേത്രങ്ങളിൽ തങ്ങുകയും, അവിടുത്തെ ഭക്ഷണം കഴിക്കുകയും, മറ്റു സ്ഥലങ്ങളിൽ പാചകം ചെയ്തു കഴിച്ചുമാണ് യാത്ര തുടർന്നത്. സന്നിധാനത്ത് എത്തിയ സനത്കുമാർ നായകിനെയും സമ്പത്ത്കുമാർ ഷെട്ടിയെയും ചുക്കുവെള്ളം നൽകി സ്പെഷ്യൽ ഓഫീസർ പ്രവീൺ, അസി. സ്പെഷ്യൽ ഓഫീസർ ഗോപകുമാർ എന്നിവർ സ്വീകരിച്ചു.

## അയ്യപ്പന് പഞ്ചാമൃതം ഇടിച്ചുകൂട്ടാൻ പുതിയ ഇടിക്കോൽ

ശബരിമല ശ്രീ ധർമ ശാസ്താവിന് പഞ്ചാമൃതം ഇടിച്ചുകൂട്ടുന്നതിനു വേണ്ടി തടിയിൽ നിർമിച്ച പുതിയ ഇടിക്കോൽ സമർപ്പിച്ചു. പൊൻകുന്നം ചിറക്കടവ് പടിയപ്പള്ളി വീട്ടിൽ സഹോദരങ്ങളായ അജി പി.ആർ, മനോജ് പി.ആർ, ജയൻ പി.ആർ എന്നിവർ ചേർന്നാണ് തടിയിൽ പുതിയ ഇടിക്കോൽ ദേവസ്വത്തിന്റെ നിർദേശപ്രകാരം നിർമിച്ച് എത്തിച്ചത്. തേക്ക് തടിയിൽ നിർമിച്ച ഇടിക്കോൽ പനിനീരും കരിക്കും നെയ്യും ചേർത്ത് പൂശി തണലത്ത് ഉണക്കിയാണ് എത്തിച്ചത്. ഇതിനുള്ള തടി നൽകിയത് പൊൻകുന്നത്തെ തിരുവപ്പള്ളി സോ മില്ലും തടി കടഞ്ഞുനൽകിയത് പൊൻകുന്നം സ്വദേശി അനൂപുമാണ്. ചിറക്കടവ് മഹാദേവ ക്ഷേത്ര സന്നിധിയിൽ നിന്ന് വെള്ളിയാഴ്ച ദീപാരാധനയ്ക്ക് ശേഷമാണ് ഇടിക്കോലുമായി ഈ സഹോദരങ്ങൾ അയ്യപ്പന് സമർപ്പിക്കാൻ മല കയറിയത്. ശനിയാഴ്ച പുതിയ ഇടിക്കോൽ സന്നിധാനത്ത് വെച്ച് സോപാനം അസി. സ്പെഷൽ ഓഫീസർ എൽ. രാധാകൃഷ്ണൻ ഏറ്റുവാങ്ങി.

## മണ്ഡല–മകരവിളക്ക് കാലം: ഇതുവരെ വൈദ്യസഹായം നൽകിയത് 2.89 ലക്ഷം പേർക്ക്

- മകരവിളക്കിനോടനുബന്ധിച്ചും വിപുലമായ ക്രമീകരണം

മണ്ഡല–മകരവിളക്ക് തീർഥാടന കാലത്ത് സർക്കാരിന്റെ ആരോഗ്യസൗകര്യങ്ങൾ വഴി ഇതുവരെ വൈദ്യസഹായം നൽകിയത് 2.89 ലക്ഷത്തിലേറെ പേർക്ക്. ജനുവരി 10 വരെയുള്ള കണക്കനുസരിച്ച് 2,16,969 രോഗികൾ ആശുപത്രികളിലും 72,654 രോഗികൾ അടിയന്തര വൈദ്യസഹായ കേന്ദ്രങ്ങളിലുമായി ചികിത്സ തേടിയിട്ടുണ്ട്. 649 എമർജൻസി കേസുകൾക്ക് അടിയന്തര വൈദ്യസഹായകേന്ദ്രങ്ങളിൽ സേവനം നൽകി. 168 പേർക്ക് ഹൃദയാഘാതം റിപ്പോർട്ട് ചെയ്തതിൽ 115 രോഗികളെ കൃത്യമായ ഇടപെടലിലൂടെ ജീവിതത്തിലേക്ക് തിരിച്ച് കൊണ്ടുവരാനായി. ജന്നി വന്ന 103 പേർക്ക് സേവനം നൽകിയതിൽ 101 പേരെയും രക്ഷപെടുത്താൻ സാധിച്ചു.

മകരവിളക്കിനോടനുബന്ധിച്ചും വിപുലമായ ക്രമീകരണങ്ങൾ ആരോഗ്യവകുപ്പ് ഒരുക്കിയിട്ടുണ്ട്. ജനുവരി ഒന്നു മുതൽ 14 വരെ കരിമല ഗവ: ഡിസ്പെൻസറി തുറന്നു പ്രവർത്തിക്കുന്നുണ്ട്. മകരവിളക്ക് കാലയളവിൽ അടിയന്തരഘട്ടങ്ങൾ നേരിടാനായി മെഡിക്കൽ ഓഫീസർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും റിസർവ് ലിസ്റ്റ് തയാറാക്കിയിട്ടുണ്ടെന്ന് ആരോഗ്യവകുപ്പ് നോഡൽ ഓഫീസർ ഡോ: ശ്യാംകുമാർ കെ.കെ അറിയിച്ചു.

മകരവിളക്ക് പ്രമാണിച്ച് ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ജനുവരി 13 മുതൽ പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസിൽ 72 മണിക്കൂർ കൺട്രോൾ റൂം പ്രവർത്തിക്കും. 0468 2222642, 0468 2228220 എന്നിവയാണ് ജില്ലാ മെഡിക്കൽ ഓഫീസിലെ കൺട്രോൾ റൂം നമ്പറുകൾ. മകരവിളക്ക് കാലയളവിലേക്കാവശ്യമായ മരുന്നുകൾ, ബ്ലീച്ചിങ് പൗഡർ ഉൾപ്പടെയുള്ളവ പമ്പയിൽ എത്തിച്ചിട്ടുണ്ട്. ആംബുലൻസ് ഉൾപ്പടെയുള്ള മെഡിക്കൽ ടീമിന്റെ സേവനം ഹിൽ ടോപ്, ഹിൽ ഡൌൺ, ത്രിവേണി പെട്രോൾ പമ്പ്, ത്രിവേണി പാലം, കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ്, ചക്കുപാലം, ചാലക്കയം, അട്ടത്തോട്, നെല്ലിമല, പഞ്ഞിപ്പാറ, ഇലവുങ്കൽ, ആങ്ങമൂഴി എന്നിവിടങ്ങളിൽ ലഭ്യമാക്കുന്നുണ്ട്.

ഇപ്പോൾ നിലവിലുള്ള 25 ആംബുലൻസുകൾ കൂടാതെ 12 ആംബുലൻസുകൾ കൂടി ക്രമീകരിച്ചിട്ടുണ്ട്. തിരുവാഭരണ ഘോഷയാത്രക്ക് അകമ്പടിയായി പന്തളം മുതൽ പമ്പ വരെയും, തിരിച്ചു പമ്പ മുതൽ പന്തളം വരെയും ആംബുലൻസ് ഉൾപ്പടെ മെഡിക്കൽ ടീമിനെ നിയമിച്ചിട്ടുണ്ട്. തിരുവാഭരണ ഘോഷയാത്ര കടന്നുപോകുന്ന ദിവസം പാതകളിലുള്ള ആശുപത്രികളിൽ എല്ലാ വിഭാഗം ജീവനക്കാരുൾപ്പടെ 24 മണിക്കൂറും പ്രവർത്തിക്കും. ശബരിമലയിൽ ഉണ്ടാകുന്ന മെഡിക്കൽ എമർജൻസികൾക്ക് പമ്പ കൺട്രോൾ റൂമിൽ ബന്ധപ്പെടാം– 04735 203232.

നിലക്കൽ, പമ്പ, നീലിമല, അപ്പാച്ചിമേട്, സന്നിധാനം, ചരൽമേട് എന്നിവിടങ്ങളിൽ ഉള്ള ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ, വെന്റിലേറ്റർ സൗകര്യം ഉൾപ്പെടെ നിലവിൽ പൂർണ്ണ സജ്ജമായി സേവനങ്ങൾ ഈ മണ്ഡലകാലത്ത് നൽകിവരുന്നുണ്ട്. 2000 ഓളം പേർ ദിവസേന സന്നിധാനം ആശുപത്രിയിൽ മാത്രം ചികിത്സ തേടുന്നുണ്ടെന്ന് ആശുപത്രി മെഡിക്കൽ ഓഫീസർ ഡോ: വി. വിഷ്ണു പറഞ്ഞു.

ഹൃദയാഘാത ചികിൽസയ്ക്കുള്ള മരുന്ന്, പാമ്പിന്റെ വിഷത്തിനുള്ള മരുന്ന്, പേ വിഷബാധയ്ക്കുള്ള വാക്സിൻ, ഇമ്യൂണോഗ്ലോബിൻ മുതലായവ എല്ലാ ആശുപത്രികളിലും ലഭ്യമാണ്. പമ്പ, നീലിമല, അപ്പാച്ചിമേട്, സന്നിധാനം ആശുപത്രികളിൽ 24 മണിക്കൂറും കാർഡിയോളജിസ്റ്റിന്റെയും ഫിസിഷ്യന്റെയും പൾമണോളജിസ്റ്റിന്റെയും സേവനം ലഭ്യമാണ്. പമ്പ, സന്നിധാനം ആശുപത്രികളിൽ ഓപ്പറേഷൻ തീയേറ്റർ സൗകര്യവും ഐ.സി.യു സൗകര്യവും, ഓർത്തോപീഡിഷ്യന്റെയും സർജന്റെയും അനസ്തെറ്റിസ്റ്റിന്റെയും സേവനവും ഉറപ്പാക്കിയിട്ടുണ്ട്. നിലക്കൽ ആശുപത്രിയിൽ ഓർത്തോപീഡിഷ്യന്റെ സേവനം ലഭ്യമാണ്. സന്നിധാനത്തും പമ്പയിലും എക്സ് റേ സൗകര്യം ലഭ്യമാണ്. സന്നിധാനം, പമ്പ, നിലക്കൽ ആശുപത്രികളിൽ ലാബ് സൗകര്യവും ഒരുക്കിയിട്ടുണ്ട്. ആവശ്യ മരുന്നുകളുടെ ലഭ്യത എല്ലായിടത്തുമുണ്ട്.

പമ്പ മുതൽ സന്നിധാനം വരെ 17 ഉം കരിമല കാനന പാതയിൽ നാലും (ആകെ 21) അടിയന്തര വൈദ്യസഹായ കേന്ദ്രങ്ങൾ 24 മണിക്കൂറും പ്രവർത്തിക്കുന്നു. എ.ഇ.ഡി ഉൾപ്പടെയുള്ള അടിയന്തര വൈദ്യസഹായ ഉപകരണങ്ങൾ രോഗീപരിചരണത്തിന് ഇവിടങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. മല കയറുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള അടിയന്തരപ്രാധാന്യമുള്ള ആരോഗ്യ പ്രശ്നങ്ങൾ, കുഴഞ്ഞുവീഴൽ മുതലായവയ്ക്ക് പ്രാഥമിക ചികിത്സ ഉറപ്പാക്കാൻ ജീവനക്കാർ സുസജ്ജമാണ്.രോഗികളെ തൊട്ടടുത്തുള്ള ആശുപത്രിയിൽ എത്തിക്കാൻ സ്ട്രെച്ചർ സർവീസ് പ്ലാൻ നടപ്പിലാക്കിയിട്ടുണ്ട്. മൂന്ന് ആൾ ടെറൈൻ ആംബുലൻസുകൾ – ഒരെണ്ണം സന്നിധാനം (ദേവസ്വം വാഹനം), ഒരെണ്ണം ചരൽമേട് (ഫോറസ്റ്റ്

വാഹനം), ഒരെണ്ണം അപ്പാച്ചിമേട് (ആരോഗ്യവകുപ്പ് വാഹനം)– ആരോഗ്യവകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്.

പൊതുജനാരോഗ്യ പ്രവർത്തനങ്ങളും കാര്യക്ഷമമായി നടത്തിവരുന്നു. മെഡിക്കൽ ഓഫീസറും , ഹെൽത്ത് സൂപ്പർവൈസറും, ഹെൽത്ത് ഇൻസ്പെക്ടർമാരും, ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റും ഉൾപ്പെടുന്ന ടീം ഫോഗിംഗ്, സ്പ്രേയിംഗ്, സോഴ്സ് റിഡക്ഷൻ, ഹോട്ടൽ പരിശോധന മുതലായ പ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു. പല സ്ഥലങ്ങളിലായി ആരോഗ്യജാഗ്രതാ നിർദ്ദേശങ്ങൾ അടങ്ങിയ ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്.

## മകരവിളക്ക്: സംസ്ഥാന പോലീസ് മേധാവി സന്നിധാനത്ത് ഒരുക്കങ്ങൾ വിലയിരുത്തി

സംസ്ഥാന പോലീസ് മേധാവി ഷേഖ് ദർവേശ് സാഹിബ് ശബരിമല സന്നിധാനത്തിൽ എത്തി മകരവിളക്കിനു മുന്നോടിയായുള്ള പോലീസിന്റെ ഒരുക്കങ്ങൾ വിലയിരുത്തി. സുഗമമായി നടത്തിപ്പിനായി 5000 പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുള്ളതായി അദ്ദേഹം അറിയിച്ചു. ഇതിൽ 1800 ഓളം പേർ സന്നിധാനത്തും 800 പേർ പമ്പയിലും 700 പേർ നിലക്കലും 1050 ഓളം പേർ ഇടുക്കിയിലും 650 പേർ കോട്ടയത്തുമായാണ് വിന്യസിച്ചിട്ടുള്ളത്.

ഇതിനുപുറമേ, എൻ.ഡി.ആർ.എഫ്, ആർ.എ.എഫ് സേനകളുടെ സുരക്ഷയും ഉണ്ട്. മകരജ്യോതി കാണാനും അതിനുശേഷം സുഗമമായി മലയിറങ്ങാനും ഉള്ള സൗകരങ്ങളാണ് ഒരുക്കിയിട്ടുള്ളത്.

തിരുവാഭരണ ഘോഷയാത്ര നടത്താൻ സ്പെഷൽ സ്കീം നിശ്ചയിച്ചാണ് പോലീസ് പ്രവർത്തിക്കുന്നത്. ഒരു എസ്.പി, 12 ഡിവൈ.എസ്.പി, 31 സർക്കിൾ ഇൻസ്പെക്ടർ അടക്കമുള്ള 1440 ഓളം പോലീസ് ഉദ്യോഗസ്ഥരുണ്ട്. പോലീസ്, ഫയർ ആൻറ് റസ്ക്യൂ, എൻ.ഡി.ആർ.എഫ് തുടങ്ങിയ സേനകൾ ജ്യോതി കാണാൻ ആൾക്കാർ കയറുന്ന പ്രധാനപ്പെട്ട എല്ലാസ്ഥലത്തും

സുരക്ഷ പരിശോധിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളുമായും ഒരു കോ-ഓർഡിനേഷൻ മീറ്റിംഗ് ഞായറാഴ്ച നടക്കും.

സന്നിധാനത്ത് ചീഫ് പോലീസ് കോ-ഓർഡിനേറ്റർ എ.ഡി.ജി.പി എസ്. ശ്രീജിത്ത്, പമ്പയിൽ സൗത്ത് സോൺ ഐ.ജി ശ്യാംസുന്ദർ, നിലക്കലിൽ ഡി.ഐ.ജി അജിതാ ബീഗം, എരുമേലി-ഇടുക്കി ഭാഗത്തിന്റെ ചുമതല എറണാകുളം ഡി.ഐ.ജി സതീഷ് ബിനു എന്നിവർ ക്രമീകരണങ്ങൾ മേൽനോട്ടം വഹിച്ച് ക്യാമ്പ് ചെയ്യും.

മകരവിളക്കിനുശേഷം ഭക്തർക്ക് പോകാനുള്ള എക്സിറ്റ് പ്ലാനും തയാറാക്കിയിട്ടുണ്ട്. തിരക്ക് വന്നാൽ എക്സിറ്റ് പ്ലാൻ ഉപയോഗപ്പെടുത്തി സുഗമായി ഭക്തജനങ്ങൾക്ക് മലയിറങ്ങാനുള്ള ക്രമീകരണങ്ങളാണ് പോലീസ് തയാറാക്കിയിട്ടുള്ളതെന്നും സംസ്ഥാന പോലീസ് മേധാവി പറഞ്ഞു.

ശബരിമല ചീഫ് പോലീസ് കോ-ഓർഡിനേറ്റർ എ.ഡി.ജി.പി എസ്. ശ്രീജിത്ത്, സൗത്ത് സോൺ ഐ.ജി ശ്യാംസുന്ദർ, സന്നിധാനം സ്പെഷ്യൽ ഓഫീസർ വി. അജിത് തുടങ്ങിയവർ സംബന്ധിച്ചു.

## അഗ്നിരക്ഷാ സേന ഹോട്ടലുകളിൽ സുരക്ഷാ പരിശോധന നടത്തി

സന്നിധാനത്തും പരിസരത്തുമുള്ള ഹോട്ടലുകളിൽ അഗ്നിരക്ഷാ സേനയുടെ നേതൃത്വത്തിൽ സുരക്ഷാ പരിശോധന നടത്തി. ഗ്യാസ് സിലണ്ടറുകൾ കൃത്യമായ മാർഗനിർദേശങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കാത്ത ഹോട്ടലുകൾക്ക് നോട്ടീസ് നൽകും.അപകടങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ട മറ്റ് സുരക്ഷാനിർദേശങ്ങളും ഹോട്ടലുകൾക്ക് അഗ്നി രക്ഷാസേന ഉദ്യോഗസ്ഥർ നൽകി. വെടിപ്പുര, ഗോഡൗൺ തുടങ്ങിയ സ്ഥലങ്ങളും പരിശോധിച്ച് സുരക്ഷാ നിർദേശങ്ങൾ നൽകിയതായി പരിശോധനയ്ക്ക് നേതൃത്വം നൽകിയ ചാർജ് ഓഫീസർ അരുൺ ഭാസ്കർ അറിയിച്ചു.